കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ചിറക്കടവ് ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് പരിപാടിക്ക് വീൽ ചെയർ, ഓക്സിജൻ സിലിണ്ടർ, നെബുലൈസേഷൻ ഉപകരണങ്ങൾ എന്നിവയും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം.3210/2017/തസ്വഭവ                    തിരുവനന്തപുരം, തീയതി, 05.10.2017

വായന:- 1) ചിറക്കടവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്തും 15.06.2017 -ലെ 26/2-ാം നമ്പർ ഭരണസമിതി തീരുമാനവും

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ 12.07.2017 ലെ 3.21 നമ്പർ തീരുമാനം

**ഉത്തരവ്**

ചിറക്കടവ് ഗ്രാമപഞ്ചായത്തിൽ പ്രൈമറി ഹെൽത്ത് സെന്റർ ഇല്ലാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ പാലിയേറ്റീവ് കെയർ പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥൻ കാഞ്ഞിരപ്പള്ളി താലൂക്ക് ജനറൽ ആശുപത്രി സൂപ്രണ്ടാണെന്നും പാലിയേറ്റീവ് പരിപാടിക്ക് വീൽ ചെയർ, ഓക്സിജൻ സിലിണ്ടർ, നെബുലൈസേഷൻ ഉപകരണങ്ങൾ എന്നിവ ജനറൽ ആശുപത്രിയിൽ ഉണ്ടെങ്കിലും പാലിയേറ്റീവ് പ്രവർത്തനത്തിന് നൽകുന്നില്ലെന്നും അതിനാൽ ഇവയും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് അനുമതി നൽകണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം ചിറക്കടവ് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു. 12.07.2017 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി യോഗം ഇക്കാര്യം പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ചിറക്കടവ് ഗ്രാമപഞ്ചായത്തിലെ പാലിയേറ്റീവ് പരിപാടിക്ക് വീൽ ചെയർ, ഓക്സിജൻ സിലിണ്ടർ, നെബുലൈസേഷൻ ഉപകരണങ്ങൾ എന്നിവയും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
പ്രസിഡണ്ട്/സെക്രട്ടറി, ചിറക്കടവ് ഗ്രാമപഞ്ചായത്ത്, കോട്ടയം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ